**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1117** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പെരുമ്പാവൂർ മണ്ഡലത്തിലെ റവന്യൂ സേവനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ രായമംഗലം വില്ലേജ് ഓഫീസിന്റെ പരിധിയിൽ 50,000-ത്തിലധികം ജനസംഖ്യയും വിപുലമായ ഭൗമപരിധിയും ഉള്ളതിനാൽ പൊതുജനങ്ങൾക്ക് റവന്യൂ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യവും, രായമംഗലം വില്ലേജിനെ വിഭജിച്ച് കുറുപ്പംപടി വില്ലേജ് ഓഫീസ് രൂപീകരിക്കണമെന്ന ആവശ്യം കഴിഞ്ഞ പത്ത് വർഷമായി റവന്യൂ വകുപ്പിന്റെ പരിഗണനയിലുള്ള സാഹചര്യവും കണക്കിലെടുത്ത്, കുറുപ്പംപടി വില്ലേജ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് പുതിയ ജില്ലകളും താലൂക്കുകളും രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കുവാൻ സർക്കാർ നിലവിൽ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഈകാര്യവും പരിശോധിക്കുന്നതാണ്.

**(ബി)** ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ആയിരക്കണക്കിന് ഫയലുകൾ വർഷങ്ങളായി തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായും, ഇതിന് പ്രധാന കാരണം സർവേയർമാരുടെ പരിശോധനകൾ പൂർത്തീകരിക്കപ്പെടാത്തതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് കുന്നത്ത്നാട് താലൂക്കിൽ കുടിശ്ശികയായിട്ടുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിച്ച കേസുകളിൻമേൽ സർവെ നടപടികൾ ആവശ്യമായ കേസുകളിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**(സി)** പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കുന്നത്തുനാട് താലൂക്ക് ഓഫീസിൽ സർവേയർമാരുടെ ഗണ്യമായ കുറവുള്ള സാഹചര്യത്തിൽ, കൂടുതൽ സർവേയർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** സേവന ആവശ്യകതയും ജോലിഭാരവും വിലയിരുത്തി ആവശ്യമായ സാഹചര്യങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി സർവെ സേവനങ്ങൾ ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**